ആരെങ്കിലും (മത)വിജ്ഞാനം അന്വേഷിച്ചു കൊണ്ട് പുറപ്പെട്ടാൽ അവൻ തിരിച്ചു വരുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിലാണ്.

അനസ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറഞ്ഞു: "ആരെങ്കിലും (മത)വിജ്ഞാനം അന്വേഷിച്ചു കൊണ്ട് പുറപ്പെട്ടാൽ അവൻ തിരിച്ചു വരുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിലാണ്."
[ഹസൻ] [തുർമുദി ഉദ്ധരിച്ചത്]

ആരെങ്കിലും മതപരമായ വിജ്ഞാനം തേടിക്കൊണ്ട് തന്റെ വീട്ടിൽ നിന്നോ നാട്ടിൽ നിന്നോ പുറത്തു പോയാൽ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാൻ വേണ്ടി പുറപ്പെട്ടവനെ പോലെയാണ് തിരിച്ചു വരുന്നത് വരെ അവനും. കാരണം അല്ലാഹുവിന്റെ ദീനായ ഇസ്ലാമിനെ ജീവിപ്പിക്കുന്നതിലും , പിശാചിനെ പരാജയപ്പെടുത്തുന്നതിലും, ശരീരത്തെ പ്രയാസപ്പെടുത്തുന്നതിലും അവൻ അല്ലാഹുവിന്റെ മാർഗത്തിൽ പുറപ്പെട്ട ഒരു യോദ്ധാവിനെ പോലെ തന്നെയാണ്.

http://sunnah.global/hadeeth/ml/show/4191